7661
13/4/18

കേരള സർക്കാർ
സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-30/11/2017-ലെ ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പൂർണ്ണമായും വീട് തകർന്ന് വീട് നഷ്ടപ്പെട്ടവർക്ക് വീട്ടുവാടകയിനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്
സ.ഉ.(സാധാ) നം. 1309 /2018/റവ തിരുവനന്തപുരം തീയതി.10.04.2018.

പരാമർശം- 1) 06/12/2017-ലെ സ.ഉ.(കൈ)1/2017/DMD
2) 19/01/2018 ലെ N1/1148/18 നം.കത്ത് പ്രകാരം ഫിഷറീസ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച പദ്ധതി നിർദ്ദേശം.
3) 12/12/2017-ലെ.സ.ഉ.(സാധാ) 5314/2017/റവ
4) 13/12/2017-ലെ സ.ഉ.(സാധാ) 5330/2017/റവ
5) 22/12/2017-ലെ സ.ഉ.(സാധാ)നം. 5511/2017/റവ
6) 22/12/2017-ലെ സ.ഉ.(സാധാ)നം. 5548/2017/റവ

## ഉത്തരവ്

30/11/2017-ൽ ഉണ്ടായ ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പൂർണ്ണമായും വീട് തകർന്ന് നഷ്ടപ്പെട്ട തിരുവനന്തപുരം,കൊല്ലം,ആലപ്പുഴ,എറണാകുളം,തൃശ്ശൂർ,മലപ്പുറം, കാസറഗോഡ് എന്നീ ജില്ലകളിലെ 74 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് പുനർനിർമ്മിക്കുന്നത് വരെ പ്രതിമാസം 3000/- (മൂവായിരം രൂപ) വീതം 12 മാസത്തേക്ക് (3000*12*74) ആകെ 26,64,000/- രൂപ(ഇരുപത്തിയാറ് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ( ഓഖിയുടെ പേരിൽ ശേഖരിച്ച ഫണ്ടിൽ നിന്നും) നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് (26 പേർക്ക് 12 മാസത്തേക്ക് 3000/-രൂപ വീതം) 9,36,000/- രൂപ (ഒൻപത് ലക്ഷത്തി മുപ്പത്തിയാറായിരം രൂപ), കൊല്ലം ജില്ലാ കളക്ടർക്ക് (4 പേർക്ക്12 മാസത്തേക്ക് 3000/-രൂപ വീതം) 144,000/- രൂപ (ഒരുലക്ഷത്തി നാല്പത്തിനാലായിരം രൂപ), ആലപ്പുഴ ജില്ലാ കളക്ടർക്ക് (2 പേർക്ക്12 മാസത്തേക്ക് 3000/-രൂപ വീതം) 72000/- രൂപ എറണാകുളം ജില്ലാ കളക്ടർക്ക് (9 പേർക്ക്12 മാസത്തേക്ക് 3000/-രൂപ വീതം) 324,000/- രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് (26 പേർക്ക്12 മാസത്തേക്ക് 3000/-രൂപ വീതം) 936,000/- രൂപ മലപ്പുറം ജില്ലാ കളക്ടർക്ക് (5 പേർക്ക്12 മാസത്തേക്ക് 3000/-രൂപ വീതം) 180,000/- രൂപ കാസറഗോഡ് ജില്ലാ കളക്ടർക്ക് (2 പേർക്ക്12 മാസത്തേക്ക് 3000/-രൂപ വീതം) 72000/- രൂപ എന്നീ ക്രമത്തിൽ വേണ്ടി വരുന്ന തുകയായ 26,64,000/- രൂപ (3000*12*74) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ( ഓഖിയുടെ പേരിൽ ശേഖരിച്ച

Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ടതും ടി തുക അർഹരായ ഗുണഭോക്താക്കൾക്ക് രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ കൈക്കൊള്ളേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.ടി.കെ,

ഡെപ്യൂട്ടി സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, തിരുവനന്തപുരം,കൊല്ലം,ആലപ്പുഴ,എറണാകുളം,തൃശ്ശൂർ,മലപ്പുറം,കാസറഗോഡ് .
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഫിഷറീസ് വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ